**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4098** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഹൗസ് സർജൻമാരുടെ രാത്രികാല ഡ്യൂട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹൗസ് സർജൻമാരെ മാത്രമായി ആശുപത്രികളിൽ രാത്രികാല ഡ്യൂട്ടിക്ക് നിയമിക്കുന്നത് ഹൈക്കോടതി വിധിയിലൂടെ നിർത്തേണ്ടി വന്ന സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ആശുപത്രി ഡ്യൂട്ടിക്കിടെ ഡോ.വന്ദനദാസ് മരണപ്പെട്ട സംഭവത്തിന് ശേഷം ഹൗസ് സർജൻമാരെ മാത്രമായി രാത്രികാലങ്ങളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാറില്ല. |
| (ബി) | മെഡിക്കൽ കോളേജുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായ ആരോഗ്യകേന്ദ്രങ്ങളിൽ ഇതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ NHM മുഖേന മെഡിക്കൽ ഓഫീസർമാരെയും കൂടാതെ പി.ജി ഡോക്ടർമാരെയും നിയോഗിച്ച് ചികിത്സ നടത്തി വരുന്നു. |
| (സി) | പ്രസ്തുത സെന്ററുകളിലെ ക്വാർട്ടേർസുകൾ ഉപയോഗിക്കാത്തത് മൂലം നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ക്വാർട്ടേഴ്സുകൾ ഉപയോഗിക്കാത്തത് മൂലം നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം നിലവിലില്ല. ഇത്തരം സെന്ററുകളിലെ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റ പണികൾ PWD മുഖേനയാണ് നടത്തിവരുന്നത്. അറ്റകുറ്റ പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാർക്ക് ടി ക്വാർട്ടേഴ്സുകൾ അനുവദിച്ച് നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ